(ഡി) എൻ.സി.പി.സി. പദ്ധതിയിൽ റാന്നി സബ് ഡിവിഷനിൽ നിർമ്മിച്ച പദ്ധതികൾക്ക് വൈദ്യുതികണക്ഷനും മോട്ടോറും നൽകി പ്രവർത്തനം ആരംഭിക്കുവാൻ വൈകുന്നതിന്റെ കാരണങ്ങൾ വിശദീകരിക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു.

(സി) റാന്നി നിയോജകമണ്ഡലത്തിൽ 34 പ്രവൃത്തികൾക്കായുള്ള പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽ 23 പദ്ധതികളുടെ പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തിയിട്ടുള്ളതിൽ 15 പദ്ധതികൾ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ മാത്രമാണ്. ഇവ കമ്മീഷൻ ചെയ്തുകഴിഞ്ഞു. അതിൽശേഷിക്കുന്ന 8 പദ്ധതികൾക്ക് വൈദ്യുതീകണക്ഷൻ ലഭിക്കേണ്ടതും പമ്പ്സെറ്റുകൾ വാങ്ങി സ്ഥാപിക്കേണ്ടതുമുണ്ട്. രണ്ട് പദ്ധതികൾക്ക് പമ്പ്സെറ്റുകൾ വാങ്ങുന്നതിനുള്ള ദർഘാസ് ക്ഷണിച്ചിട്ടുണ്ട്. ബാക്കി 11 പദ്ധതികളുടെ വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു.

(ഡി) വൈദ്യുതികണക്ഷൻ ലഭിക്കുന്നതിനുവേണ്ടി കെ.എസ്.ഇ.ബി.-യിൽ അപേക്ഷ നൽകിയിട്ടുണ്ട്. അവിടെ നിന്നും എസ്റ്റിമേറ്റ് കിട്ടുന്നമുറയ്ക്ക് പണം അടയ്ക്കുകയും വൈദ്യുതി കണക്ഷൻ ലഭിക്കുന്നമുറയ്ക്ക് പമ്പ് സെറ്റുകൾ സ്ഥാപിച്ച് പ്രവർത്തനം ആരംഭിക്കുകയും ചെയ്യുന്നതാണ്.

അത്തിക്കയം ശുദ്ധജല വിതരണ പദ്ധതി

102 (2380) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അത്തിക്കയം ശുദ്ധജല വിതരണ പദ്ധതിയുടെ ഇൻവെസ്റ്റിഗേഷൻ ജോലികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ് ;

(ബി) ഡി.ഇ.ആർ. പൂർത്തിയാക്കാൻ എന്തൊക്കെ നടപടികൾ ആണ് സ്വീകരിക്കുന്നത് ;

(സി) പദ്ധതിക്ക് ഭരണാനുമതി നൽകുവാൻ നടപടി സ്വീകരിക്കുമോ ;

(ഡി) സീതത്തോട് പഞ്ചായത്തിലെ പദ്ധതിയുടെ ഇൻവെസ്റ്റിഗേഷൻ നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ് ;

(ഇ) ഇൻവെസ്റ്റിഗേഷൻ നടപടികൾ പൂർത്തിയാക്കി ഡി.ഇ.ആർ. തയ്യാറാക്കുവാൻ എന്ത് നടപടി സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത് ?

ഉത്തരം

(എ) അത്തിക്കയം ശുദ്ധജലവിതരണ പദ്ധതിയുടെ സർവ്വേ വർക്ക് പൂർത്തിയായി. വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് തയ്യാറാക്കി വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly.

(ബി) പ്രസ്തുത പദ്ധതിയുടെ പമ്പിംഗ് മെയിൻ, ട്രീറ്റ്മെന്റ് പ്ലാന്റ്, സംഭരണികൾ, വിതരണക്കുഴലുകൾ എന്നിവയുടെ ഡിസൈൻ പൂർത്തിയായി. എസ്റ്റിമേറ്റും ഡ്രായിംഗും തയ്യാറാക്കിക്കൊണ്ടിരിക്കുന്നു. 2003 ആഗസ്റ്റ് മാസത്തോടുകൂടി വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

(സി) വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് പൂർത്തിയായതിനുശേഷം പദ്ധതിയുടെ നടത്തിപ്പിനാവശ്യമുള്ള ധനം സ്വരൂപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം. ആവശ്യമായ ധനം ലഭ്യമാക്കുന്നതിനുള്ള മാർഗ്ഗങ്ങൾ തീരുമാനിച്ചതിനുശേഷം മാത്രമേ ഭരണാനുമതി നൽകാൻ കഴിയുകയുള്ളു.

(ഡി) ചിറ്റാർ-സീതത്തോട്, പദ്ധതിയുടെ സർവ്വേ വർക്ക് പൂർത്തിയായി. ഡിസൈൻ തയ്യാറാക്കിക്കൊണ്ടിരിക്കുന്നു.

(ഇ) ചിറ്റാർ-സീതത്തോട് പദ്ധതിയുടെ ഡിസൈൻ വർക്ക് ആരംഭിച്ചു. വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് 2003 ഡിസംബർ മാസത്തോടുകൂടി പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

പുരാവസ്തുവായി നിശ്ചയിക്കുന്നതിനുള്ള മാനദണ്ഡം

103 (2381) ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ഏതെങ്കിലും സ്ഥലമോ സ്ഥാപനമോ, കെട്ടിടമോ പുരാവസ്തുവായി നിശ്ചയിക്കുന്നതിനും പുരാവസ്തു വകുപ്പിന്റെ കീഴിൽ കൊണ്ടു വരുന്നതിനും ആധാരമായിട്ടുള്ള മാനദണ്ഡം എന്താണെന്ന് വിശദമാക്കുമോ ;

(ബി) ഇപ്പോൾ സംസ്ഥാനത്തെ ഏതെല്ലാം ദേവാലയങ്ങൾ പുരാവസ്തു വകുപ്പിന്റെ നിയന്ത്രണത്തിൽ ആണെന്ന് വെളിപ്പെടുത്തുമോ ;

(സി) പുരാവസ്തു വകുപ്പിന്റെ നിയന്ത്രണത്തിലുള്ള സംസ്ഥാനത്തെ ഇതര സ്ഥാപനങ്ങൾ ഏതൊക്കെയാണെന്നും അവയിൽ പ്രവേശനത്തിനുള്ള നിയന്ത്രണങ്ങൾ എന്തൊക്കെയാണെന്നും വിശദമാക്കുമോ ;

(ഡി) ഒരു സ്ഥലമോ സ്ഥാപനമോ കെട്ടിടമോ പുരാവസ്തുവായി ഏറ്റെടുക്കുമ്പോൾ നാളിതുവരെയുള്ള ഉടമസ്ഥന്/കൈവശക്കാരന് എന്തൊക്കെ തരത്തിലുള്ള പ്രതിഫലമാണ് നല്കുന്നതെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) ചരിത്രപരമായോ, പുരാവസ്തു ശാസ്ത്ര സംബന്ധമായോ കലാശില്പപരമായോ കൗതുകപ്രദമായതും ഒരു ശതാബ്ദത്തിൽ കുറയാതെ നിലനിന്നിട്ടുള്ളതുമായ ഏതൊരു സ്ഥാപനത്തെയും 1968-ലെ കേരള പ്രാചീന സ്മാരക പുരാവസ്തു സങ്കേത, പുരാവശിഷ്ട ആക്ടിലെ വ്യവസ്ഥകൾ അനുസരിച്ച് പുരാവസ്തുവായി പ്രഖ്യാപിക്കാവുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly